# ജി എൽ പി എസ്
# ആനപ്രമ്പാൽ

STARS

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

## സമഗ്ര ഗുണമേന്മ
## വിദ്യാഭ്യാസ പദ്ധതി

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## 2025-2026



Poster Maker

# ആമുഖം

ആലപ്പുഴ ജില്ലയിലെ കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലെ തലവടി വിദ്യാഭ്യാസ ഉപജില്ലയിലെ പ്രധാന സ്ക്കൂളായ ആനപ്രമ്പാൽ ഗവ:എൽ.പി.സ്ക്കൂൾ 1887 ൽ സ്ഥാപിതമായതാണ്. നൂറ്റാണ്ട് പിന്നിട്ട ഈ വിദ്യാലയ മുത്തശ്ശി അനേകം പ്രഗത്ഭ വ്യക്തികൾക്ക് അറിവ് പകർന്ന് നൽകിക്കൊണ്ടിരിക്കുന്നു. ആനപ്രമ്പാലിലെ കുരുന്നുകൾ അക്കാദമികവും അക്കാദമികേരവുമായ പ്രവർത്തനങ്ങളിൽ തിളക്കമാർന്ന വിജയം കൈവരിച്ചു കൊണ്ടിരിക്കുന്നു. 2025-26 അക്കാദമിക വർഷത്തിലും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു കഴിഞ്ഞു. സമൂഹത്തിന്റെ ലഘുരൂപമായ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്താൻ അധ്യാപകർ, രക്ഷിതാക്കൾ,, പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ തുടങ്ങി എല്ലാവരുടേയും കൂട്ടായ ഇടപെടൽ അനിവാര്യമാണ്. ഇത്തരത്തിൽ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കും.

സ്നേഹത്തോടെ

ദീപനായ്ക്ക്

പ്രഥമാധ്യാപിക

ജി എൻ പി എസ്

ആനപ്രമ്പാൽ



# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

## 2025-2026

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ-കായിക – പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സാഹചര്യമൊരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകല്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത നിരന്തരം അറിവുകൾ പുനർ നിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിക്കുന്നു.
- ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

**ഒന്നാം ടേമിൽ നടത്തേണ്ട പ്രവർത്തനങ്ങൾ**

. ക്ലാസ് പി.ടി.എ.കൾ

. കാവ്യോത്സവം

. ഭാവാത്മക വായന

. രചനോത്സവം

. സർഗാത്മക ഡയറി

. രചനാ പരിചയക്കുറിപ്പ്

. യാത്രാ വിവരണം

. ജീവചരിത്രക്കുറിപ്പ്

. റോൾ പ്ലേ

. നോട്ടീസ്, കത്ത്,പത്രവാർത്ത

Poster Maker

## നാലാം തരത്തിലെ ഗണിതപഠനംലക്ഷ്യങ്ങൾ

**അധ്യായം - 1**

- ചുറ്റുപാടും വിവിധങ്ങളായ രൂപങ്ങളുണ്ട്. അവയിൽ നിന്നും ചതുരം, സമചതുരം, ത്രികോണം, വൃത്തം എന്നീ ആകൃതിയിലുള്ള രൂപങ്ങൾ തിരിച്ചറിയുന്നു.
- ചുറ്റുപാടുമുള്ള വിവിധ രൂപങ്ങളിൽ നിന്ന് ചതുരം, സമചതുരം എന്നിവ തിരിച്ചറിയുന്നു.
- ചതുരം, സമചതുരം എന്നി രൂപങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു. അവയുടെ വശങ്ങൾ, മൂലകൾ എന്നിവ തിരിച്ചറിയുന്നു.
- ചതുരക്കാർഡ്, സമചതുരക്കാർഡ് എന്നിവ ഉപയോഗിച്ച് ചതുരവും സമചതുരവും വരയ്ക്കുന്നു.
- ചതുരം, സമചതുരം എന്നിവയുടെ വശങ്ങൾ സ്കെയിൽ ഉപയോഗിച്ച് അളക്കുന്നു.
- ചുറ്റുപാടുമുള്ള വിവിധ ത്രിമാന രൂപങ്ങൾ തിരിച്ചറിയുന്നു.
- ചുറ്റുപാടുമുള്ള വിവിധ ത്രിമാനരൂപങ്ങളിൽ നിന്ന് സമചതുരക്കട്ട (ക്യൂബ്), ചതുരക്കട്ട, വൃത്തസ്തൂപിക (cone), ഗോളം എന്നിവ തിരിച്ചറിയുന്നു.
- പേപ്പർ മടക്കി ക്യൂബ് നിർമ്മിക്കുന്നു. അവയുടെ വശങ്ങൾ തിരിച്ചറിയുന്നു.
- ടാൻഗ്രാം ഉപയോഗിച്ച് ചതുരം, സമചതുരം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് രൂപങ്ങൾ നിർമ്മിക്കുന്നു.

**അധ്യായം - 2**

- സംഖ്യകളുടെ പ്രത്യേകതകൾ ഉപയോഗപ്പെടുത്തി മൂന്നക്കസംഖ്യകൾ രൂപീകരിക്കുന്നു.
- ഏറ്റവും വലിയ മൂന്നക്കസംഖ്യയിൽ നിന്ന് ഏറ്റവും ചെറിയ നാലക്കസംഖ്യയായ 1000 രൂപീകരിക്കുന്നു. 1000 എന്ന സംഖ്യയെ വ്യാഖ്യാനിക്കുന്നു.
- നാലക്കസംഖ്യകൾ രൂപീകരിക്കുന്നു. അവ വായിക്കുന്നു. അക്കത്തിലും അക്ഷരത്തിലും എഴുതുന്നു.
- നിത്യജീവിക സന്ദർഭങ്ങളിലൂടെ നാലക്കസംഖ്യകൾ രൂപീകരിക്കുന്നു.
- നാലക്കസംഖ്യകളെ ആരോഹണ/അവരോഹണ ക്രമത്തിൽ എഴുതുന്നു.
- നാലക്ക സംഖ്യകളെ അബാക്കസ്സിൽ ചിത്രീകരിക്കുന്നു.
- ഏറ്റവും വലിയ നാലക്കസംഖ്യ കണ്ടെത്തുന്നു. സംഖ്യ അക്കത്തിലും അക്ഷരത്തിനും എഴുതുന്നു.
- നാലക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

**അധ്യായം - 3**

- ഒന്നുകളും പത്തുകളും നൂറുകളും ആയിരങ്ങളും ചേർത്ത് നാലക്കസംഖ്യ രൂപീകരിക്കുന്നു.
- മൂന്നക്ക സംഖ്യകളെയും സംഖ്യകളെയും വലുപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു.

DRAFT

- റോമൻ അക്കങ്ങൾ എന്നിവ തിരിച്ചറിയുന്നു.
- അക്കങ്ങളുടെ തുക 10 വരുന്ന നാലക്കസംഖ്യകൾ എഴുതുന്നു.
- 2, 3, 4 അക്കങ്ങൾ വീതം ഉപയോഗിച്ച് നാലക്ക സംഖ്യകൾ രൂപീകരിക്കുന്നു.
- നാലക്കസംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.
- സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തി പാറ്റേൺ പൂർത്തിയാക്കുന്നു.
- നാലക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

**അധ്യായം – 4**

- രണ്ട് നാലക്കസംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിന് വ്യത്യസ്ത വഴികളുണ്ടെന്ന് തിരിച്ചറിയുന്നു.
- സന്ദർഭാനുസരണം നാലക്ക സംഖ്യകളെ സ്ഥാന വിലയനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ചെയ്യുന്നു.
- പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് സങ്കലന ക്രിയ ഉപയോഗിച്ച് നിർദ്ധാരണം ചെയ്യുന്നു.
- മൂന്ന് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നു.
- ഒരു നാലക്ക സംഖ്യയും രണ്ട് മൂന്നക്ക സംഖ്യയും ഉൾപ്പെടുന്ന സങ്കലന ക്രിയ ചെയ്യുന്നു.

**അധ്യായം – 5**

- നിത്യജീവിതത്തിൽ സമയത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. വാച്ച്, ക്ലോക്ക്, ഡിജിറ്റൽ ക്ലോക്ക്, മൊബൈൽ ഫോൺ എന്നിവ സമയം നോക്കാൻ ഉപയോഗിക്കുന്നു എന്ന് തിരിച്ചറിയുന്നു.
- വാച്ച്, ക്ലോക്ക്, മൊബൈൽഫോൺ എന്നിവ ഉപയോഗിച്ച് സമയം മണിക്കൂറിലും മിനിട്ടിലും പറയുന്നു.
- ക്ലോക്ക് നിർമ്മിച്ച് മണിക്കൂർ സൂചി, മിനിറ്റ് സൂചി, സെക്കന്റ് സൂചി എന്നിവ ഉറപ്പിക്കുന്നു. അതുപയോഗിച്ച് വിവിധ സമയങ്ങൾ പറയുന്നു.
- മിനിറ്റിനേക്കാൾ കുറഞ്ഞ സമയദൈർഘ്യം ഉണ്ടെന്ന് മനസ്സിലാക്കുന്നു. സെക്കന്റ് സമയം ഉപയോഗിക്കുന്ന സന്ദർഭങ്ങൾ തിരിച്ചറിയുന്നു.
- നിശ്ചിത സമയത്തിനിടെയുള്ള സമയദൈർഘ്യം മണിക്കൂറിലും മിനിറ്റിലും സെക്കന്റിലും കണക്കാക്കി പറയുന്നു.
- സമയവുമായി ബന്ധപ്പെടുത്തി മണിക്കൂർ, മിനിറ്റ്, സെക്കന്റ് എന്നിവയുടെ പരസ്പരം ബന്ധം കണ്ടെത്തുന്നു, വിശദീകരിക്കുന്നു.
- സ്റ്റോപ്‌വാച്ച് നോക്കി സൂക്ഷമവും കൃത്യവുമായ സമയദൈർഘ്യം കണ്ടെത്തുന്നു.
- സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- കലണ്ടറിന്റെ ആവശ്യകത തിരിച്ചറിയുന്നു. കലണ്ടർ നോക്കി തീയതി, വിശേഷ ദിവസം എന്നിവ കണ്ടെത്തുന്നു.
- കലണ്ടറിലെ തീയതിയുമായി ബന്ധപ്പെട്ട് സംഖ്യാപാറ്റേണുകൾ തിരിച്ചറിയുന്നു.



DRAFT

- കലണ്ടറുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- തീയതികൾ - ദിവസം - മാസം - വർഷം എന്നരീതിയിൽ രേഖപ്പെടുത്തുന്നു.

## അധ്യായം – 6

- നിത്യജീവിതത്തിൽ വിവധ ആവശ്യങ്ങൾ നിറവേറ്റുന്നതുമായി ബന്ധപ്പെട്ട വ്യവകലനക്രിയ ഉപയോഗപ്പെടുത്തുന്നു.
- നിത്യ ജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ വ്യവകലനക്രിയ ഉൾപ്പെടുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു നിഗമനങ്ങൾ .അപഗ്രഥിക്കുന്നു നിർധാരണം ചെയ്യുന്നു . .രൂപീകരിക്കുന്നു
- രണ്ട് നാലക്ക സംഖ്യകളുടെ വ്യവകലനക്രിയ ചെയ്യുന്നതിന് വ്യത്യസ്ത വഴികളുണ്ടെന്ന് തിരിച്ചറിയുന്നു.
- സന്ദർഭാനുസരണം നാലക്ക സംഖ്യകളെ സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതി വ്യവകലനക്രിയ ചെയ്യുന്നു.

## അധ്യായം – 7

- നിത്യജീവിതത്തിൽ വിവിധ ആവശ്യങ്ങൾക്കായി ഗുണനക്രിയ ഉപയോഗിക്കുന്നു എന്ന് മനസിലാക്കുന്നു.
- നിത്യജീവിത സന്ദർഭങ്ങളിൽ സംഖ്യകളുടെ ഗുണനക്രിയകൾ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർദ്ധാരണം ചെയ്യുന്നു. നിഗമനങ്ങൾ രൂപീകരിക്കുന്നു.
- ഗുണനക്രിയകളിൽ സംഖ്യകളുടെ ക്രമം മാറിയാലും ഗുണനഫലത്തിൽ മാറ്റമില്ല എന്ന് തിരിച്ചറിയുന്നു.
- ഒരു രണ്ടക്കസംഖ്യയെ മൂന്ന് ഒരക്കസംഖ്യകളുടെ ഗുണനഫലമായി എഴുതുന്ന രീതി തിരിച്ചറിയുന്നു.
- രണ്ടക്കസംഖ്യയെ ഒരക്കസംഖ്യകൊണ്ട് ഗുണിക്കുന്ന നിത്യജീവിതസന്ദർഭങ്ങൾ വിശകലനം ചെയ്ത് പ്രശ്നപരിഹരണം നടത്തുന്നു. ക്രിയാഫലം മനക്കണക്കായി പറയുന്നു.
- ഒരു സംഖ്യയെ 10, 100, 1000 കൊണ്ട് ഗുണിക്കേണ്ടി വരുന്ന സന്ദർഭങ്ങൾ ഉപയോപ്പെടുത്തി അതിനുള്ള എളുപ്പവഴികൾ കണ്ടെത്തുന്നു.
- സംഖ്യാബന്ധങ്ങളും ഗുണനബന്ധങ്ങളും കണ്ടെത്തി നിഗമനങ്ങൾ രൂപീകരിക്കുന്നു. യുക്തി പൂർവം സമർത്ഥിക്കുന്നു. സംഖ്യകൾ ഗുണിക്കുന്നതിനുള്ള വ്യത്യസ്ത മാർഗങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ തുടർച്ചയായ ഒറ്റ സംഖ്യകളുടെയും ഇരട്ട സംഖ്യകളുടെയും തുക പട്ടികപ്പെടുത്തി വിശകലനം ചെയ്ത് ഒറ്റ സംഖ്യകളുടെയും ഇരട്ടസംഖ്യകളുടെയും തുക സംബന്ധിച്ച് നിഗമനം രൂപീകരിക്കുന്നു.

DRAFT

**അധ്യായം – 8**

- നിത്യജീവിതത്തിന്റെ ഭാഗമായും കളികളുടെ ഭാഗമായും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നീളത്തിന്റെ അളവുമായി ബന്ധപ്പെട്ട് ഏകകങ്ങൾ, ആശയങ്ങൾ എന്നിവ കൃത്യതയോടെ ഉപയോഗിക്കുന്നു.
- നീളം അളക്കുന്നതിന് അനുയോജ്യമായ ഉപകരണങ്ങൾ സൂക്ഷ്മതയോടെയും കൃത്യതയോടെയും കൈകാര്യം ചെയ്യുന്നു.
- നീളത്തിന്റെ ഏകകങ്ങളാണ് മില്ലിമീറ്റർ, സെന്റിമീറ്റർ, മീറ്റർ, കിലോമീറ്റർ എന്നിവ
- നീളം അളക്കുന്നതിന് അംഗീകൃതമായ ഉപകരണങ്ങളുണ്ട്

**അധ്യായം – 9**

- നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ ഉചിതമായ ക്രിയ (ഹരണം) ഉപയോഗിച്ച് നിർദ്ധാരണം (ഹരണം) ചെയ്യുന്നു.
- ലളിതമായ ഹരണക്രിയകൾ മനഃകണക്കായി ചെയ്യും.
- രണ്ടക്കത്തെ ഒരക്കം കൊണ്ട് ഹരിക്കുന്നു.
- ഒരു നിശ്ചിത എണ്ണത്തെ തുല്യമായി വീതിക്കുന്നതിനും ഒരു വലിയ കൂട്ടത്തിൽ തുല്യ എണ്ണമുള്ള എത്ര ചെറിയ കൂട്ടങ്ങൾ ഉണ്ട് എന്ന് കണ്ടെത്തുന്നതിനും ഹരണക്രിയ ഉപയോഗിക്കുന്നു.
- പ്രായോഗിക സന്ദർഭത്തിലും പ്രശ്നഹരിഹരണസന്ദർഭത്തിലും ആവർത്തന വ്യവകലനത്തിലൂടെ ഹരണം ചെയ്യുന്നു.
- ലളിതമായ ഹരണക്രിയകൾ നിരീക്ഷിച്ച് ചില കണ്ടെത്തലുകൾ നടത്തുന്നു.
- ഒരു സംഖ്യയെ ഒന്ന് കൊണ്ട് ഹരിച്ചാൽ അതേ സംഖ്യകിട്ടുമെന്നും ഒരു സംഖ്യയെ അതേ സംഖ്യ കൊണ്ട് ഹരിച്ചാൽ ഒന്ന് കിട്ടുമെന്നും തിരിച്ചറിയുന്നു.

**അധ്യായം – 10**

- നിത്യജീവിതത്തിന്റെ ഭാഗമായും കളിയുടെ ഭാഗമായും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഭാരം, ഉള്ളളവ് എന്നിവയുമായി ബന്ധപ്പെട്ട ഏകകങ്ങൾ, ആശയങ്ങൾ കൃത്യതയോടെ ഉപയോഗിക്കുന്നു.
- ഉള്ളവിന്റെ അളവുകളായ ലിറ്റർ, മില്ലിലിറ്റർ, ഭാരത്തിന്റെ അളവുകളായ ഗ്രാം, കിലോഗ്രാം എന്നിവ കൃത്യതയോടെയും സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യുന്നു.
- ടൺ, ക്വിന്റൽ എന്നിവ വലിയ ഭാരങ്ങൾ അളക്കുന്നതിനുള്ള ഏകകങ്ങൾ ആണെന്ന് മനസ്സിലാക്കുന്നു.
- മില്ലിലിറ്റർ, ലിറ്റർ എന്നീ ഏകകങ്ങളുടെയും ഗ്രാം, കിലോഗ്രാം എന്നീ ഏകകങ്ങളുടെയും പരസ്പരബന്ധം തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പ്രയോഗിക പ്രശ്നം നിർദ്ധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നു.

DRAFT

അധ്യായം – 11

- നിത്യജീവിതവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ, സന്ദർഭങ്ങൾ എന്നിവയുടെ വിവരങ്ങൾ പട്ടികാരൂപത്തിൽ തയ്യാറാക്കുന്നു. നൽകിയ വിവരങ്ങൾ വിശകലനം ചെയ്യുന്നു, അപഗ്രഥിക്കുന്നു, നിഗമനങ്ങളിൽ എത്തിച്ചേരുന്നു.
- നിത്യജീവിതത്തിലെ വിവിധ ആശയങ്ങൾ നിറവേറ്റുന്നതിനായി പിക്ടോഗ്രാം രൂപത്തിൽ നൽകിയ വിവരങ്ങൾ വിശകലനം ചെയ്യുന്നു, അപഗ്രഥിക്കുന്നു, നിഗമനങ്ങളിൽ എത്തിച്ചേരുന്നു.
- നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾക്കായി വിവരങ്ങൾ ശേഖരിക്കുന്നു.
- ശേഖരിച്ച വിവരങ്ങൾ അനുയോജ്യമായ രീതിയിൽ പട്ടികപ്പെടുത്തുന്നു.
- ശേഖരിച്ച വിവരങ്ങൾ അനുയോജ്യമായ രീതിയിൽ ചിത്രീകരിക്കുന്നു.

## സ്കീം ഓഫ് വർക്ക്

ക്ലാസ് 4 ഗണിതം

| അധ്യായം | പേര് | ആകെ പീരീഡ് | മാസം |
|---|---|---|---|
| | പാർട്ട് I | | |
| 1 | വരകൾ രൂപങ്ങൾ | 12 | ജൂൺ |
| 2 | ആയിരവും കടന്ന് | 18 | ജൂൺ, ജൂലൈ |
| 3 | എത്രയെത്ര സംഖ്യകൾ | 16 | ജൂലൈ / ആഗസ്റ്റ് |
| 4 | കൂടുന്ന കൂട്ടം | 19 | ആഗസ്റ്റ് / സെപ്തംബർ |
| 5 | നേരമായ് | 14 | സെപ്തംബർ / ഒക്ടോബർ |
| 6 | കുറയുന്ന കൂട്ടം | 19 | ഒക്ടോബർ |
| | പാർട്ട് II | | |
| 7 | പെരുക്കൽപ്പെരുമ | 20 | നവംബർ |
| 8 | ഇങ്ങനെ അളക്കാം | 15 | ഡിസംബർ |
| 9 | തുല്യമായ കൂട്ടം | 21 | ജനുവരി |
| 10 | അളന്നും തൂക്കിയും | 16 | ഫെബ്രുവരി |
| 11 | ചിത്രങ്ങൾ കഥ പറയുന്നു | 10 | മാർച്ച് |

DRAFT

അധ്യായം – 11

- നിത്യജീവിതവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ, സന്ദർഭങ്ങൾ എന്നിവയുടെ വിവരങ്ങൾ പട്ടികാരൂപത്തിൽ തയ്യാറാക്കുന്നു. നൽകിയ വിവരങ്ങൾ വിശകലനം ചെയ്യുന്നു, അപഗ്രഥിക്കുന്നു, നിഗമനങ്ങളിൽ എത്തിച്ചേരുന്നു.
- നിത്യജീവിതത്തിലെ വിവിധ ആശയങ്ങൾ നിറവേറ്റുന്നതിനായി പിക്ടോഗ്രാം രൂപത്തിൽ നൽകിയ വിവരങ്ങൾ വിശകലനം ചെയ്യുന്നു, അപഗ്രഥിക്കുന്നു, നിഗമനങ്ങളിൽ എത്തിച്ചേരുന്നു.
- നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾക്കായി വിവരങ്ങൾ ശേഖരിക്കുന്നു.
- ശേഖരിച്ച വിവരങ്ങൾ അനുയോജ്യമായ രീതിയിൽ പട്ടികപ്പെടുത്തുന്നു.
- ശേഖരിച്ച വിവരങ്ങൾ അനുയോജ്യമായ രീതിയിൽ ചിത്രീകരിക്കുന്നു.

## സ്കീം ഓഫ് വർക്ക്

ക്ലാസ് 4 ഗണിതം

| അധ്യായം | പേര് | ആകെ പീരീഡ് | മാസം |
|---|---|---|---|
| | പാർട്ട് I | | |
| 1 | വരകൾ രൂപങ്ങൾ | 12 | ജൂൺ |
| 2 | ആയിരവും കടന്ന് | 18 | ജൂൺ, ജൂലൈ |
| 3 | എത്രയെത്ര സംഖ്യകൾ | 16 | ജൂലൈ / ആഗസ്റ്റ് |
| 4 | കൂടുന്ന കൂട്ടം | 19 | ആഗസ്റ്റ് / സെപ്റ്റംബർ |
| 5 | നേരമായ് | 14 | സെപ്റ്റംബർ / ഒക്ടോബർ |
| 6 | കുറയുന്ന കൂട്ടം | 19 | ഒക്ടോബർ |
| | പാർട്ട് II | | |
| 7 | പെരുക്കൽപ്പെരുമ | 20 | നവംബർ |
| 8 | ഇങ്ങനെ അളക്കാം | 15 | ഡിസംബർ |
| 9 | തുല്യമായ കൂട്ടം | 21 | ജനുവരി |
| 10 | അളന്നും തൂക്കിയും | 16 | ഫെബ്രുവരി |
| 11 | ചിത്രങ്ങൾ കഥ പറയുന്നു | 10 | മാർച്ച് |

DRAFT

## ക്ലാസ് പി.ടി.എ. യോഗങ്ങൾ

വിദ്യാലയങ്ങളിൽ പ്രതിമാസ ക്ലാസ് പി.ടി.എ.കൾ പതിവായി നടന്നു വരുന്നുണ്ട്. എന്നാൽ കേവലമായ മീറ്റിംഗുകൾക്കപ്പുറം ക്ലാസ് പ്രവർത്തനങ്ങളിൽ അധ്യാപകർക്കും കുട്ടികൾക്കും മികച്ച പിന്തുണ ഉറപ്പാക്കുന്ന വിധത്തിലേയ്ക്ക് ക്ലാസ്സ് പി.ടി.എ.കളെ ഉയർത്തി അവയെ കൂടുതൽ സജീവവും പ്രവർത്തനാധിഷ്ഠിതവും ഗവേഷണാത്മകവുമായി മാറ്റേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ**

- ക്ലാസ് പി.ടി.എ.കളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പിക്കുക.
- ഏകപക്ഷീയമായ അവതരണത്തിനു പകരം പ്രവർത്തനങ്ങളിലൂടെ പഠനലക്ഷ്യങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കുക.
- അധ്യാപകർക്ക് പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് രക്ഷിതാക്കളുടെ സജീവ പിന്തുണ ഉറപ്പിക്കുക.
- ക്ലാസ് പി.ടി.എ.കളെ കുട്ടികളുടെ മികവിന്റെ പ്രകടന ഇടമായി മാറ്റുക.
- അക്കാദമിക പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് മികച്ച പിന്തുണ നൽകുന്ന സഹപഠിതാവ് എന്ന നിലയിലേയ്ക്ക് രക്ഷിതാക്കളെ ഉയർത്തുക.
- ഉത്പന്ന വിശകലനം, സിമുലേഷൻ, വീഡിയോ പ്രദർശനം, വിദഗ്ധരുടെ ക്ലാസ് തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്തി ക്ലാസ് പി.ടി.എ.കൾ വൈവിധ്യമുള്ളതാക്കുക.

**പ്രവർത്തനം**

- ജൂണിലെ ആദ്യ ക്ലാസ് പി.ടി.എ.യിൽ 2025-26 അധ്യായന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനവും പ്രവർത്തനാധിഷ്ഠിതമായി നിർവഹണോദ്ഘാടനവും നടത്തണം.
- വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ച് കുട്ടികൾക്ക് ലഭിക്കേണ്ട രക്ഷാകർത്തൃ പിന്തുണ ഉറപ്പാക്കണം.

- സർഗ്ഗാത്മക ഡയറി/കാവ്യോത്സവം/റീഡേഴ്സ് തിയറ്റർ തുടങ്ങിയ പരിപാടികളുടെ അക്കാദമിക പ്രാധാന്യവും അവ കുട്ടിയിൽ ഉണ്ടാക്കുന്ന ഭാഷാപരമായ വളർച്ചയും ഉദാഹരണങ്ങളുടെ വെളിച്ചത്തിൽ രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.
- തുടർ മാസങ്ങളിൽ നടത്തുന്ന ക്ലാസ് പി.ടി.എ. കളിൽ അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങളും ലക്ഷ്യപ്രാപ്തിയും വിശകലനം ചെയ്യണം.
- ക്ലാസ്സ് പി.ടി.എ.-കളിൽ പൂർണ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വിദഗ്ധരുടെ ക്ലാസ്സ്, കൗൺസിലിംഗ്, വീഡിയോ പ്രദർശനം, മികവ് പ്രകടനങ്ങൾ, സിമുലേഷൻ തുടങ്ങിയവ ഉൾപ്പെടുത്തണം.

**രക്ഷിതാക്കളുടെ പങ്ക്**

- ക്ലാസ് പി.ടി.എ.കളിൽ കൃത്യമായി പങ്കെടുക്കുക.
- കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവരിലുണ്ടാകുന്ന മാറ്റങ്ങൾ/പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ തുടങ്ങിയവ ക്ലാസ് പി.ടി.എ. കളിൽ അവതരിപ്പിക്കുക.
- ക്ലാസ് പി.ടി.എ.കളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുക.
- ക്രിയാത്മക നിർദേശങ്ങൾ നൽകുക.

## കാവ്യോത്സവം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നാലാം ക്ലാസിലെ എല്ലാ കുട്ടികൾക്കും കാവ്യാസ്വാദനം, ആശയഗ്രഹണം, അവതരണം എന്നിവയിൽ മികവുണ്ടാകുന്നതിനായി ആവിഷ്കരിക്കുന്ന ഇടപെടലാണ് കാവ്യോത്സവം.

ഒന്നാം ക്ലാസ് മുതലാരംഭിക്കുന്ന പാട്ടരങ്ങിന്റെയും മൂന്നാം ക്ലാസിലെ കാവ്യോത്സവത്തിന്റെയും തുടർച്ചയായാണ് 4-ാം ക്ലാസിൽ കാവ്യോത്സവം നടത്തുന്നത്. പാഠഭാഗത്തെ കവിതകളും പഠന പ്രമേയങ്ങളുമായി ബന്ധപ്പെട്ട കവിതകളും പാട്ടുകളുമെല്ലാം ഈ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്താം.

ഇത്തരം പ്രവർത്തനങ്ങളിലൂടെ കടന്നു പോകുന്ന കുട്ടികൾക്ക് ഈണവും താളവും ആശയവും ഉൾക്കൊണ്ട് വരികൾക്കു രൂപം നൽകാനും കൂട്ടിച്ചേർക്കാനും കഴിയുമെന്നതാണ് പ്രധാന കണ്ടെത്തൽ.

### ലക്ഷ്യങ്ങൾ

- താളവൈവിധ്യമുള്ള പാട്ടുകൾ, കവിതകൾ എന്നിവ ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗപ്പെടുത്തി ഒറ്റയ്ക്കും സംഘമായും ചൊല്ലി അവതരിപ്പിക്കുന്നു.
- ചൊല്ലി കേൾക്കുന്ന പാട്ടുകൾ, കവിതകൾ ഈണം, താളം പാലിച്ചുകൊണ്ട് ഏറ്റു ചൊല്ലുന്നു.
- കവിതകളുടെ/പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും വാദ്യോപകരണങ്ങൾ വായിക്കുകയും ചുവടുകൾ വെക്കുകയും ചെയ്യുന്നു.
- കവിതയുടെ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ കവിതയുടെ ആശയവുമായി ബന്ധപ്പെട്ട വാക്കുകളും വരികളും കൂട്ടിച്ചേർത്ത് എഴുതാനും പാടാനും കഴിവു നേടുന്നു.
- പാഠപുസ്തകത്തിലെ കവിതകളും വായ്ത്താരികളും താളവും ഈണവും പാലിച്ച് സ്വതന്ത്രമായി പാടുന്നു.
- പാട്ടുകളും കവിതകളും കൂട്ടുകാർക്ക് ഏറ്റു ചൊല്ലാവുന്ന തരത്തിൽ ഈണവും താളവും പാലിച്ചുകൊണ്ട് പാടികൊടുക്കുന്നു.

## റീഡേഴ്സ് തിയേറ്റർ

രംഗസജ്ജീകരണമോ ചമയങ്ങളോ ഇല്ലാത്ത ഒരു സംഘം വായനക്കാർ വേദിയിൽ വന്ന് നാടകീയ വായന നടത്തുന്നതിനെയാണ് റീഡേഴ്സ് തിയേറ്റർ എന്ന് വിളിക്കുന്നത്. കുട്ടികൾ നേരിടുന്ന ഭാഷാപരമായ പരിമിതികളെ മറികടക്കുവാൻ ഭിന്നനിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള വ്യത്യസ്തമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്. ലേഖനത്തിൽ എന്ന പോലെ വായനയിലും പരിമിതിയുള്ള കുട്ടികളുണ്ട്. ആശയ ഗ്രഹണ വായനയ്ക്ക് വേണ്ടത്ര പഠനാവസരങ്ങൾ ലഭിക്കാത്തത് കുട്ടികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അനുയോജ്യമായ വേഗത്തിലുള്ള വായന, ഭാവം, താളം എന്നിവ ഉൾക്കൊണ്ടുള്ള വായന എന്നിവയിലും മെച്ചപ്പെടേണ്ടതുണ്ട്. കുട്ടികളുടെ വായനശേഷി വികസിപ്പിക്കുന്നതിനും ഭാവം ഉൾക്കൊണ്ടുകൊണ്ടുള്ള സ്വതന്ത്ര ശ്രാവ്യവായന മെച്ചപ്പെടുത്തുന്നതിനും റീഡേഴ്സ് തിയേറ്റർ എന്ന പ്രവർത്തനം ഫലപ്രദമാണ്.

**ലക്ഷ്യങ്ങൾ**

- കഥാസന്ദർഭം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു.
- കേൾവിക്കാരെ ആശയം ബോധ്യപ്പെടുംവിധം വായിച്ചവതരിപ്പിക്കുന്നു.
- കഥാഭാഗം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങളുടെ സവിശേഷതകൾ എന്നിവ തിരിച്ചറിഞ്ഞ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിൽ കഴിവ് നേടുന്നു.
- പരസ്പരം സഹായിച്ചുള്ള വായനയിലൂടെ എല്ലാ കുട്ടികൾക്കും വായനയിൽ ആത്മവിശ്വാസം വളർത്തുക.

**പ്രവർത്തന രീതി**

- തുടക്കത്തിൽ പാഠപുസ്തകത്തിലെ കഥകൾ വായനയ്ക്ക് നൽകുന്നു.
- കുട്ടികൾ കഥ വായിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി സ്ക്രിപ്റ്റ് തയാറാക്കുന്നു.
- കഥാപാത്രങ്ങളെ വീതിച്ചെടുത്ത് സംഭാഷണങ്ങൾ നാടകീയമായി വായിച്ചവതരിപ്പിക്കുന്നു.

- ഓരോ ഗദ്യപാഠഭാഗവും വിനിമയം ചെയ്യുന്നതിന്റെ ഭാഗമായി റിഡേഴ്സ് തിയേറ്റർ സംഘടിപ്പിക്കാം.
- കൂടുതൽ സംഭവമുഹൂർത്തങ്ങൾക്കും കഥാപാത്രങ്ങൾ ഉൾക്കൊള്ളു ന്നതുമായ വായന സാമഗ്രികൾ കണ്ടെത്തി കൂടുതൽ കുട്ടികൾക്ക് അനുഭവം നൽകണം.
- ഇതിനനുയോജ്യമായ വായനാസാമഗ്രികൾ മുൻകൂട്ടി കണ്ടെത്തി വയ്ക്കണം. ഇവ പാഠഭാഗത്തെ ആശയവുമായി ബന്ധം ഉണ്ടായിരി ക്കുന്നത് നല്ലതാണ്.
- കൂടുതൽ കുട്ടികൾക്ക് റീഡേഴ്സ് തിയേറ്ററിന്റെ അനുഭവം കിട്ടുന്നതിനായി ഓൺലൈൻ റീഡേഴ്സ് തിയേറ്റർ ഗൂഗിൾ മീറ്റ് സംഘടിപ്പിക്കാം.
- റീഡേഴ്സ് തിയേറ്ററിനെ കുറിച്ച് രക്ഷകർത്താക്കൾക്ക് വ്യക്തമായ ധാരണ നൽകണം.
- കുട്ടികളുടെ അവതരണങ്ങൾ (വീഡിയോ) ക്ലാസ് ഗ്രൂപ്പുകളിൽ പങ്കിടണം.
- രക്ഷിതാക്കൾക്ക് അഭിപ്രായങ്ങൾ പറയാൻ അവസരം നൽകണം.
- കുട്ടികൾക്ക് പരസ്പരം അവതരണങ്ങളെ വിലയിരുത്തി അഭിപ്രായം പറയാൻ അവസരം നൽകണം.
- CPTA യിൽ റീഡേഴ്സ് തിയേറ്റർ അവതരണം നടത്തണം.
- ഭാഷോത്സവത്തിന്റെ ഭാഗമായി റീഡേഴ്സ് തിയറ്ററിന്റെ അവതരണം നടത്തണം.

**രക്ഷിതാക്കളുടെ പങ്ക്**

- വീട്ടിലും റീഡേഴ്സ് തിയറ്റർ അവതരണത്തിന് പിന്തുണ നൽകുക. (കുട്ടിക്കൊപ്പം മുതിർന്നവർ വായിക്കുന്നത് കുട്ടികളുടെ ആത്മ വിശ്വാസം വളർത്തും)
- വായനയ്ക്കായി അനുയോജ്യമായ രചനകൾ കണ്ടെത്താൻ സഹായിക്കുക.
- സ്ക്രിപ്റ്റ് രൂപീകരണത്തിലെ ഇടപെടലുകൾ ആകാം.
- ഗൂഗിൾ മീറ്റ് പങ്കാളിത്തം ഉറപ്പാക്കണം.

## സർഗ്ഗാത്മക ഡയറി

ഓരോ ദിവസത്തെയും പ്രധാന സംഭവത്തെ അതിന്റെ വൈകാരികത യോടെ എഴുതിവയ്ക്കലാണ് ഡയറിയെഴുത്തിൽ നടക്കുന്നത്. ഇത് എല്ലാ ദിവസവും നടക്കേണ്ട വ്യക്തിഗത പ്രക്രിയയാണ്. എന്നാൽ ഡയറി എഴുത്തിൽ കൂടുതൽ സർഗാത്മക സാധ്യതകൾ തുറന്നു നൽകുകയാണ് സർഗാത്മക ഡയറി എന്ന പുത്തനാശയം.

സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുന്നതിലൂടെ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിനും ആണ് സർഗ്ഗാത്മക ഡയറി ഊന്നൽ നൽകുന്നത്.

**നേട്ടങ്ങൾ**

- കുട്ടികളുടെ സ്വതന്ത്ര രചന വർദ്ധിപ്പിക്കുന്നു.
- ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിച്ച് മുഴുവൻ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും ഉടമകളാക്കുന്നു.
- സർഗ്ഗാത്മക ശേഷി വികസിക്കുന്നു.
- ഭാഷാ നൈപുണി വികസിക്കുന്നു.
- കുട്ടികളുടെ ചിന്താശേഷി വികസിക്കുന്നു.
- കുട്ടിയുടെ മനസിന്റെ സദ്ഭാവനകളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു.
- പ്രകൃതിയുമായി നിരന്തരം അടുക്കുന്നതിലൂടെ നിരീക്ഷണ പാടവം - വർദ്ധിക്കുന്നു.
- മൂല്യങ്ങൾ സ്വയം സ്വാംശീകരിക്കുന്നു.

**പ്രവർത്തന രീതി**

- സർഗാത്മക ഡയറിയെഴുത്തിനായി ഒരു കാഴ്ച/സംഭവം തിരഞ്ഞെ ടുക്കുന്നു.
- അതിനെ ഭാവനാത്മകമായി ചിത്രീകരിക്കുന്നു.

  കവിത/പാട്ട്

സംഭാഷണം

വിവരണം

കഥ

പത്രവാർത്ത

ചിത്രകഥ

തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്താം.

- എഴുത്തിന് അനുബന്ധമായി രംഗ ചിത്രീകരണം നടത്തണം.
- വാട്സ് ആപ്പ് ഗ്രൂപ്പിൽ പങ്കുവയ്ക്കാം.

**രക്ഷിതാവിന്റെ പങ്ക്**

- ഓരോ ദിവസവും കുറച്ച് സമയം കുട്ടികളോടൊപ്പം ഇരുന്ന് ആ ദിവസം അവർ കണ്ട/അനുഭവിച്ച കാര്യങ്ങൾ കുട്ടികളുമായി ചർച്ച ചെയ്യണം.
- ആദ്യഘട്ടത്തിൽ ഓരോ ദിവസത്തെയും പ്രധാന സംഭവം തിരഞ്ഞെടുക്കാൻ കുട്ടിയെ സഹായിക്കണം.
- എഴുതുവാൻ കഴിയുന്ന ആശയങ്ങൾ ചർച്ചയിലൂടെ രൂപപ്പെടുത്തണം.
- എഴുത്തിന്റെ ശരിയായ രൂപം കുട്ടിയുടെ ചിന്തയിലേക്ക് കൊണ്ടു വരുവാനുള്ള ഇടപെടൽ നടത്തണം.
- ആഴ്ചയിൽ രണ്ട്/മൂന്ന് സർഗാത്മക ഡയറി എഴുതിയാൽ മതിയാകും.
- കുട്ടികളുടെ രചനകൾ വാട്സാപ്പ് ഗ്രൂപ്പിൽ പങ്കുവയ്ക്കാൻ സഹായിക്കണം.

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചായങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

<u>പരിസരപഠനം (Std IV)</u>

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മേഖലകൾ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസംശ്ര, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

Downloaded from: https://textbooksall.blogspot.com/

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

NO TO DRUGS

## ജി എൽ പി എസ് ആനപ്രമ്പാൽ

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

## വാർഷിക പദ്ധതി
## 2025-26

### ഒന്നിച്ച് ഒന്നായ് ഒന്നാവാം



Poster Maker

# വികാസ മേഖലകൾ

## അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- വായന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പ്രതിഭാ പോഷണ പരിപാടി
- ജൈവ വൈവിധ്യ പാർക്ക്
- കലാ-കായിക പഠനം
- IT പരിശീലനം
- സ്ക്കൂൾ പത്രം, മാസിക, മാഗസിൻ
- പ്രവർത്തിപരിചയ പഠനം
- , രചനാശില്പശാല
- ഹെൽത്ത് പ്രോഗ്രാം
- പോഷകാഹാര പരിപാടി
- ദിനാചരണം
- ഫീൽഡ് ട്രിപ്പ്

## ഭൗതികം

- വർണ ക്കൂടാരം
- ക്ലാസ് മുറി
- സ്മാർട്ട് ക്ലാസ് റൂം
- ഡൈനിംഗ് ഹാൾ
- അസംബ്ലി പന്തൽ

## സാമൂഹികം

- വിദ്യാലയ വികസന സമിതി
- പൂർവ്വവിദ്യാർത്ഥി സംഗമം
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ അധ്യാപകർ
- CPTA, MPTA, SMC യോഗങ്ങൾ
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ

# പ്രവർത്തനക്കലണ്ടർ

| മാസം | പ്രവർത്തനം | യൂണിറ്റുകൾ | പ്രതീക്ഷിത സാധ്യായ ദിനങ്ങൾ |
|---|---|---|---|
| ജൂൺ | CPTA<br>ക്ലാസ്സ് ഗ്രൂപ്പ് രൂപീകരണം<br>അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം<br>നല്ല പാഠം<br>ക്ലാസുകൾ( സമഗ്ര ഗുണമേന്മ പദ്ധതി)<br>രചനാ<br>പരിചയക്കുറിപ്പ്.<br>കാവ്യോത്സവം<br>റീഡേഴ്സ് തിയേറ്റർ<br>യൂണിറ്റ് ടെസ്റ്റ് | ചിറകുവിരിച്ച്<br>മണ്ണാങ്കട്ടയും കരിയിലയും<br>മുന്നറിയിപ്പ്<br>വട്ടത്തിൽ ചവിട്ടുമ്പോൾ<br>ഹലോ ഉറക്കെപ്പാടു: | 20 |
| ജൂലൈ | CPTA രചനോത്സവം<br>സർഗ്ഗാത്മക ഡയറി – ആരംഭം<br>കാവ്യാവിഷ്ക്കാരം. | സൈക്കിളുചവിട്ടാൻ<br>വാവ ജീവനെ കാക്കുന്നു.<br>തെയ്യ തിന്തക<br>മാനത്തും താഴത്തും<br>കാറ്റ് പറഞ്ഞത്<br>കറുമ്പിപ്പയ്യ്<br>മണിയപ്പന്റെ മഴു | 22 |
| ആഗസ്റ്റ് | CPTA<br>റീഡേഴ്സ് തിയേറ്റർ<br>ഡയറി<br>യാത്രാവിവരണം<br>നോട്ടീസ്, കത്ത്,<br>പത്രവാർത്ത | | 20 |

ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ അനക്സ്, ആല്പുഴ- 688 013
Phone: 0477- 2252548 E-mail: ddoforscalpy@gmail.com

No:DDOALP/193/2024-A7 Date: 26-06-2025

അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ
ആലപ്പുഴ

ജില്ലാ കോർഡിനേറ്റർ
അക്ഷയ കേന്ദ്രം
ആലപ്പുഴ

സർ,

വിഷയം:- പട്ടികജാതി വികസന വകുപ്പ് - വിദ്യാഭ്യാസ കാര്യം - E-GRANTZ - BIO METRIC AUTHENTICATION നടപടികൾ -സംബന്ധിച്ച്

സൂചന:- 1) ഡയറക്ടറുടെ 13/06/2025 ലെ No:SCDD/2205/2024-B1 (EDN B) നമ്പർ കത്ത്

2025-26 അധ്യയന വർഷം മുതൽ പോസ്റ്റ്മെട്രിക് / പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ നടപ്പാക്കുന്നതിന് വിദ്യാർത്ഥികളുടെയും സ്ഥാപന മേധാവികളുടെയും ജില്ലാതല, സംസ്ഥാനതല നോഡൽ ഓഫീസർമാരുടെയും Bio-metric Authentication നിർബന്ധിതമാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ 2025-26 അധ്യയന വർഷത്തിലെ Bio-metric Authentication പൂർത്തിയാക്കാത്ത അപേക്ഷകൾ ഇ-ഗ്രാന്റ്സ് സൈറ്റിലേക്ക് അയയ്ക്കരുത് എന്ന് ജില്ലയിലെ എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും അറിയിപ്പ് നൽകണമെന്ന് അറിയിക്കുന്നു. Bio-metric Authentication നടപടിക്രമങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ,

**അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ**

Signed by
Sunil Kumar K
Date: 26-06-2025 10:44:12